**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1946** **29-07-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിതരണത്തിലെ പ്രസരണ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിതരണത്തിലെ പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനും പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) | വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രസരണ ശൃംഖലയുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി ലിമിറ്റഡിൽ പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും ശേഷി വർദ്ധിപ്പിക്കൽ, സബ്സ്റ്റേഷ നിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടേജിലേക്ക് ഉയർത്തൽ, പുതിയ കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ നടപ്പിലാക്കി വരുന്നു. പ്രസരണ ലൈനുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിയ്ക്ക് കെ.എസ്.ഇ.ബി ലിമിറ്റഡ് രൂപം നൽകിയിട്ടുള്ള പ്രവൃത്തികൾ പുരോഗമിച്ച കൊണ്ടിരിക്കുന്നു. പ്രസ്തുത പദ്ധതി യുടെയും അനുബന്ധ പദ്ധതികളുടെയും പൂർത്തീകരണത്തോടെ പ്രസരണ നഷ്ടത്തിൽ 107 മെഗാവാട്ട് കുറവുണ്ടാകുമെന്ന് കണക്കാക്കുന്നു. ഇതുവഴി പ്രതിവർഷം 522 ദശലക്ഷം യൂണിറ്റ് ലാഭിക്കാൻ കഴിയും. |
| (ബി) | വൈദ്യുത മേഖലയുടെ സ്വകാര്യവൽക്കരണം സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ? | (ബി) | ഇലക്ട്രിസിറ്റ് ആക്ട് 2003, വൈദ്യുതി ബിൽ 2021, വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണ ത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് എന്നിവയിൽ കേന്ദ്രസർക്കാർ വൈദ്യുതി മേഖലയുടെ സ്വകാര്യവത്ക്കരണം സംബന്ധിച്ച നിർദ്ദേശങ്ങൾ ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ ഇലക്ട്രിസിറ്റി ആക്ട്, 2003 നടപ്പിലാക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | | മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും, പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ല എന്നത് അസന്നിഗ്ദമായി വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതി മേഖലയെയും, പൊതു സമൂഹത്തെയും പ്രതികൂലമായി ബാധിക്കും എന്നും കേരളം വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ല എന്നും കെ.എസ്.ഇ.ബി യും സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിനെ വിഭജിക്കുകയോ സ്വകാര്യ വത്കരിക്കുകയോ ചെയ്യാതെ തന്നെ ഉപഭോക്താ ക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതിയും മെച്ചപ്പെട്ട സേവനവും ലഭ്യമാക്കുന്നതിനുള്ള ബദൽ നയങ്ങൾ കേരളം നടപ്പാക്കി വരുന്നു. വൈദ്യുതി വിതരണം പൊതുമേഖലയിൽ നിലനിർത്താനായതിനാലാണ് കേരളത്തിന് ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത്. |

സെക്ഷൻ ഓഫീസർ